**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1452** **12-02-2025 - ൽ മറുപടിയ്ക്ക്**

**കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് പ്രാബല്യത്തിൽ വന്നതും പിരിച്ചെടുക്കാൻ ആരംഭിച്ചതും എന്നു മുതലാണ്; ഇതു വരെ എത്ര തുക, എത്ര കെട്ടിട ഉടമകളിൽ നിന്നായി പിരിച്ചെടുത്തിട്ടുണ്ട്; ഇതിൽ പുതിയതും പഴയതുമായ കെട്ടിട ഉടമകൾ ഉൾപ്പെടുന്നുണ്ടോ; | (എ) | 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും 1998 ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമാണ് സംസ്ഥാനത്തു ബിൽഡിംഗ് സെസ് ഈടാക്കി വരുന്നത്. 03.11.1995 മുതലുള്ള നിർമാണ പ്രവർത്തനങ്ങൾക്കു ആണ് സെസ് പിരിവു ആരംഭിച്ചത്. 31.03.2024 വരെ 3428,79,86,915.19 (മൂവായിരത്തി നാനൂറ്റി ഇരുപത്തിയെട്ടു കോടി എഴുപത്തി ഒൻപത് ലക്ഷത്തി എൺപത്താറായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ പത്തൊൻപത് പൈസ) സെസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.ടി തുകയിൽ പഴയതും പുതിയതുമായ എല്ലാ കെട്ടിടങ്ങളും ഉൾപ്പെടുന്നുണ്ട്. |
| (ബി) | സെസ് പിരിച്ചെടുക്കുമ്പോൾ ഇതിന്റെ നിശ്ചിതശതമാനം തദ്ദേശവകുപ്പിനോ തദ്ദേശസ്ഥാപനങ്ങൾക്കോ നൽകാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് ഇങ്ങനെ നൽകുന്നത്; അതോ പിരിച്ചെടുക്കുന്നതിനുള്ള വിഹിതം തദ്ദേശവകുപ്പോ തദ്ദേശസ്ഥാപനങ്ങളോ അധികമായി പിരിക്കുന്നതാണോ; | (ബി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിന് 14.02.2024 ലെ സ.ഉ.(കൈ)നം.23/2024-LSGD നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).ടി ഉത്തരവ് പ്രകാരം സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 1 % കളക്ഷൻ ചാർജായി തദ്ദേശ സ്വയംഭരണ വകുപ്പിന് ഈടാക്കാവുന്നതാണ്.ആയത് അധികമായി പിരിച്ചെടുക്കുന്ന തുകയല്ല. |
| (സി) | എത്ര കെട്ടിടങ്ങളിൽ നിന്നായി എത്ര തുക വീതം സെസ് കുടിശ്ശിക പിരിച്ചെടുക്കാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എത്ര വർഷം വരെ പഴക്കമുള്ള കെട്ടിടങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ട്; ഇതിനായുള്ള ഊർജ്ജിതശ്രമം തൊഴിൽവകുപ്പ് ആരംഭിച്ചിട്ടുണ്ടോ; | (സി) | കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ സെസ്സ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിന് അനുമതി നൽകി 14.02.2024 ലെ സ.ഉ.(കൈ)നം.23/2024-LSGD നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സെസ്സ് പിരിവ് 16/01/2024 തിയതി മുതലും എല്ലാ പഞ്ചായത്തുകളിലും 2024 ഏപ്രിൽ മുതലും പിരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 2024 ഏപ്രിൽ വരെ അസ്സസ്സ്മെന്റ് നടത്തിയതും പിരിഞ്ഞുകിട്ടേണ്ടതുമായ സെസ്സ് കുടിശ്ശികയുടെ |

| | | | |
|---|---|---|---|
| | | | കണക്കെടുപ്പ് ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കി വരുന്നു. 1995 മുതൽ പഴക്കമുള്ള കെട്ടിടങ്ങൾ ഇതിൽ ഉൾപ്പെടുന്നുണ്ട്. ബിൽഡിംഗ് സെസ്സ് ഇനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് തൊഴിൽ വകുപ്പ് 2021 നവംബർ 1 മുതൽ സംസ്ഥാന വ്യാപകമായി സെസ്സ് അദാലത്ത് നടത്തി വരുന്നുണ്ട്. 2021 oct 31 വരെ നടപടികൾ ആരംഭിച്ച ഫയലുകളെ അദാലത്തിൽ ഉൾപ്പെടുത്തി നോട്ടീസുകൾ അയച്ചിട്ടും തുക അടയ്ക്കാത്ത കെട്ടിട ഉടമകൾക്ക് റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് വരുന്നു. |
| (ഡി) | കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് എന്തെല്ലാം ആനുകൂല്യങ്ങളാണ് അംഗങ്ങൾക്ക് നൽകി വരുന്നത്; നിലവിൽ ഏതെല്ലാം ആനുകൂല്യങ്ങളാണ് കുടിശ്ശിക ആയിട്ടുള്ളത് ; ആനുകൂല്യങ്ങൾ നൽകാൻ തികയുന്ന തരത്തിൽ സെസ് ലഭിക്കുന്നില്ലെന്ന് ബോർഡ് അറിയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് പരിഹാരനടപടിയാണ് സ്വീകരിച്ചത്? | (ഡി) | ആനുകൂല്യങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.<br><br>നിലവിൽ 31/03/2024 വരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ബോർഡിൽ നിന്നും പ്രതിമാസ പെൻഷൻ വിതരണം ചെയ്യുന്നതിന് ഏകദ്ദേശം 62 കോടി രൂപയും ആനുകൂല്യങ്ങൾക്കും ഭരണ പരമായ ചെലവുകൾക്കും ഏകദ്ദേശം 10 കോടി രൂപയുമടക്കം ആകെ ഏകദേശം 72 കോടി രൂപയാണ് പ്രതിമാസം ആവശ്യമായുള്ളത്. ബോർഡിൽ മുൻപ് പ്രതിമാസം ഏകദേശം 30 കോടി രൂപയാണ് സെസിനത്തിൽ ലഭിച്ചിരുന്നത്. ഇപ്രകാരം വരവിനേക്കാൾ ഭീമമായ തുക ചെലവാകുന്നതിനാലാണ് അനുകൂല്യങ്ങളും പെൻഷനും കുടിശ്ശികയാകുന്നത്. പെൻഷൻകാരുടെ എണ്ണത്തിലുള്ള വർദ്ധനവിനു അനുസൃതമായി സെസ്സ് കളക്ഷനിൽ വർദ്ധനവ് സംഭവിക്കാത്തതിനാലാണ് ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായത്. എന്നാൽ 14.02.2024 ലെ തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പിന്റെ സ.ഉ.(കൈ)നം.23/24/എൽ.എസ്.ജി.ഡി ഉത്തരവ് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരം ബിൽഡിംഗ് സെസ്സ് പിരിവിന്റെ ചുമതല തദ്ദേശ പിരിവിന്റെ ചുമതല തദ്ദേശ സ്വയം ഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. ഒക്യുപെൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതിന് മുൻപ് സെസ്സ് ഒടുക്കിയിരിക്കണമെന്ന നിബന്ധനയുള്ളതിനാൽ നിലവിൽ സെസ്സ് പിരിവിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2024 സെപ്റ്റംബറിൽ 28.79 കോടിയും, 2024 ഒക്ടോബറിൽ 45.89 കോടിയും, 2024 നവംബറിൽ 49.87 കോടിയും 2024 ഡിസംബറിൽ 69.24 കോടിയുമാണ് സെസ്സിനത്തിൽ ലഭിച്ചത്. ഇപ്രകാരം സെസ്സ് പിരിവ് വർദ്ധിക്കുന്ന മുറയ്ക്ക് ബോർഡിൽ നിന്നും കുടിശ്ശികയടക്കമുള്ള ആനു കൂല്യങ്ങളെല്ലാം വിതരണം ചെയ്യുന്നതിന് സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.23/2024/LSGD തീയതി,തിരുവനന്തപുരം, 14-02-2024

---

പരാമർശം:-
1. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (CITU) സ്റ്റേറ്റ് കമ്മിറ്റി സമർപ്പിച്ച നിവേദനം.
2. ബഹു. മുഖ്യ മന്ത്രിയുടെ അധ്യക്ഷതയിൽ, ബഹു. തദ്ദേശ സ്വയംഭരണ/തൊഴിൽ വകുപ്പ് മന്ത്രിമാരുടെ സാന്നിധ്യത്തിൽ 15.01.2024-ൽ നടന്ന ഉന്നത തല യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

കെട്ടിട നിർമാണ തൊഴിലാളി ക്ഷേമ ബോർഡ് നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി പരിഹരിക്കപ്പെടുന്നതിലേക്കായി, 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരം തൊഴിൽ വകുപ്പു മുഖേന പിരിച്ചു വന്നിരുന്ന സെസ് ഇനി മുതൽ തദ്ദേശ സ്വയംഭരണ വകുപ്പ് വഴി പിരിച്ചെടുക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (1) പ്രകാരം കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (CITU) സ്റ്റേറ്റ് കമ്മിറ്റി സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) മേൽ വിഷയം പരാമർശം (2) പ്രകാരം നടന്ന ഉന്നത തല യോഗം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി സെസ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പിരിച്ചെടുക്കുന്നതിന് അനുമതി നൽകി കൊണ്ടും, ഇതിലേക്കായി ചുവടെ ചേർത്തിട്ടുള്ള മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചു കൊണ്ടും ഉത്തരവാകുന്നു.

I. സംസ്ഥാനത്തെമുഴുവൻ മുനിസിപ്പാലിറ്റികളിലും/കോർപ്പറേഷനുകളിലും 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവ് 16.01.2024 തീയതി മുതൽ നടപ്പിലാക്കേണ്ടതാണ്.

II. സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും 1996-ലെ ബിൽഡിംഗ് ആന്റ് അദർ

കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു 2024 ഏപ്രിൽ മുതൽ നടപ്പിലാക്കേണ്ടതാണ്.

III. 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും (28-ാം നമ്പർ കേന്ദ്രനിയമം) 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരമുള്ള സെസ് പിരിവു പൂർണമായും, ഒറ്റ ഘട്ടമായി, ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് തന്നെ പിരിച്ചെടുക്കേണ്ടതാണ്.

IV. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ്‌വെയറായ കെ-സ്മാർട്ടിൽ സെസ് പിരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ തീരുമാനിക്കുന്നതിന് ഇൻഫർമേഷൻ കേരളാ മിഷനെ ചുമതലപ്പെടുത്തുന്നു.

V. ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുമ്പ് ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് അടച്ചു എന്ന് ബന്ധപ്പെട്ട സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

3) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട് പ്രകാരം സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
6. തൊഴിലും നൈപുണ്യവും വകുപ്പ്.
7. തദ്ദേശ സ്വയംഭരണ (ആർ.എ)/(ആർ.ബി)/(ആർ.ഡി)/(ഇ.ജി) വകുപ്പ്.
8. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
10. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/10/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
3. ബഹു. തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

## അനുബന്ധം

| ക്രമ നം. | ആനുകൂല്യത്തിന്റെ പേര് | നിലവിലുള്ള നിരക്ക് |
|---|---|---|
| 1 | പെൻഷൻ | 1,600/-രൂപ |
| 2 | അവശതാ പെൻഷൻ | 1,600/-രൂപ |
| 3 | കുടുംബ പെൻഷൻ | 800/-രൂപ |
| 4 | സാന്ത്വന ധനസഹായം | 1600/-രൂപ |
| 5 | വിവാഹ ധനസഹായം | 10,000/-രൂപ |
| 6 | പ്രസവ ധനസഹായം | ക്ഷേമ ബോർഡ് അംഗങ്ങളായ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂ ല്യമായി 15,000/- രൂപ നൽകി വരുന്നു. |
| 7 | സാധാരണ രോഗ ചികിൽസാ ധനസഹായം | രോഗം ബാധിച്ച് സർക്കാർ ആശുപത്രിയിൽ അഞ്ചോ അതിൽ കൂടുതലോ ദിവസം കിടന്ന് ചികിത്സ നടത്തിയ അംഗ തൊഴിലാളിക്ക് ആദ്യത്തെ അഞ്ചു ദിവസത്തേയ്ക്ക് 800/-രൂപയും, തുടർന്നുള്ള ഓരോ ദിവസത്തേയ്ക്കും 150/-രൂപ വീതം പരമാ വധി 5,000/- രൂപ വരെ ചികിത്സാ ധനസഹായമാ യി ലഭിക്കും. |
| 8 | മാരക രോഗ ചികിത്സാ ധനസഹായം | മാരക രോഗ ചികിത്സാ ധനസഹായം പരമാവധി 50,000/- രൂപ നൽകി വരുന്നു. |
| 9 | കണ്ണ് ഓപ്പറേഷൻ, ചിക്കൻപോക്സ്, പേപ്പട്ടി വിഷബാധ, പാമ്പുകടി എന്നിവയ്ക്കുള്ള ചികിത്സാ ധനസഹായം | 4,000/-രൂപ |
| 10 | അപകട ചികിത്സാ ധനസഹായം | അപകടത്തെ തുടർന്ന് ഇൻപേഷ്യന്റായോ പ്ലാസ്റ്ററിട്ട് ഔട്ട് പേഷ്യന്റായോ സർക്കാർ ആശുപത്രിയിലോ, ബോർഡ് അംഗീകരിച്ച സ്വകാര്യ - സഹകരണ ആശുപത്രികളിലോ അഞ്ചോ അതിൽ കൂടുതലോ ദിവസം ചികിത്സ നടത്തുന്ന തൊഴിലാളിയ്ക്ക് ആദ്യ 5 ദിവസത്തിന് 1500/-രൂപയും, തുടർന്നുള്ള ഓരോ ദിവസത്തേയ്ക്കും 200/-രൂപ വീതം പരമാവധി 20,000/-രൂപ വരെ ലഭിക്കും. |

| | | |
|---|---|---|
| 11 | അപകടത്തെ തുടർന്ന് അവശത സംഭവിച്ചാലുള്ള ധനസഹായം | ജോലിക്കിടയിലുണ്ടാകുന്ന അപകടത്തെ ത്തുടർന്ന് 100% സ്ഥായിയായ അവശത സംഭവിക്കുന്ന തൊഴിലാളിക്ക് 1,00,000/- രൂപ അപകട ധനസഹായമായി ലഭിക്കും. |
| 12 | എസ്.എസ്.എൽ.സി പഠന സഹായം | 1000/-രൂപ |
| 13 | ക്യാഷ് അവാർഡ് | എസ്.എസ്.എൽ.സി ക്ക് ഏറ്റവും കൂടുതൽ മാർക്ക് നേടു ന്ന ഒരു ലക്ഷത്തിൽ കുറവ് അംഗങ്ങൾ ഉള്ള ജില്ലകളിൽ 7 ആൺകുട്ടികൾ, 7 പെൺകുട്ടികൾ എന്ന ക്രമത്തിലും രണ്ട് ലക്ഷത്തിൽ കുറവ് അംഗങ്ങൾ ഉള്ള ജില്ലകളിൽ 10 ആൺകുട്ടികൾ, 10 പെൺകുട്ടികൾ എന്ന ക്രമത്തിലും രണ്ട് ലക്ഷത്തിൽ കൂടുതൽ അംഗങ്ങൾ ഉള്ള ജില്ലകളിൽ 12 ആൺകുട്ടികൾ, 12 പെൺകുട്ടികൾ എന്ന ക്രമത്തിലും 3,000/- രൂപ വീതവും നൽകി വരുന്നു. |
| 14 | ഉന്നത വിദ്യാഭ്യാസത്തിനു ള്ള സാമ്പത്തിക സഹാ യം | ബോർഡ് നൽകി വരുന്ന വിവിധ സ്കോളർഷിപ്പ് ആനുകൂല്യങ്ങളിൽ എസ്.എസ്.എൽ.സി കഴിഞ്ഞുള്ള സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് ചേരുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ സ്കോളർഷിപ്പ് 1,000/-രൂപയും, ഡിപ്ലോമ കോഴ്സുകൾക്ക് 1,250/-രൂപയും, ഡിഗ്രി കോഴ്സുകൾക്ക് 1,250/- രൂപയും പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്ക് 1,500/-രൂപയും, ജനറൽ നഴ്സിംഗ് കോഴ്സിന് 1,500/-രൂപയും, ബി.എസ്.സി നഴ്സിംഗ് കോഴ്സിന് 2,000/- രൂപയും, പാരാമെഡിക്കൽ കോഴ്സുകൾക്ക് 2,000/-രൂപയും, പ്രൊഫഷണൽ കോഴ്സുകൾക്ക് 3,000/-രൂപയും നൽകി വരുന്നു. |
| 15 | മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് ധനസഹായം | 3 വർഷം സർവ്വീസ് പൂർത്തിയാക്കിയ അംഗങ്ങളുടെ മക്കൾക്ക് മെഡിക്കൽ / എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്കുള്ള എൻട്രൻസ് പരീക്ഷാ കോച്ചിംഗിനായി 5,000/- രൂപ |

| | | |
|---|---|---|
| | | ധനസഹായം ലഭിക്കും. |
| 16 | മരണാനന്തര ധനസഹായം | അംഗതൊഴിലാളി മരണപ്പെട്ടാൽ ടിയാന്റെ നോമിനികൾക്ക് /ആശ്രിതർക്ക് മരണാനന്തര ആനുകൂല്യമായി 50,000/- രൂപ നൽകി വരുന്നു. |
| 17 | അപകട മരണ ധനസഹായം | അംഗതൊഴിലാളി ജോലിക്കിടയിലുണ്ടാകുന്ന അപകടത്തെ തുടർന്ന് മരിക്കുകയാണെങ്കിൽ ടിയാന്റെ അവകാശികൾക്ക് / ആശ്രിതർക്ക് അപകട മരണ ധനസഹായം നാല് ലക്ഷം രൂപ നൽകി വരുന്നു. |
| 18 | മരണാനന്തര ചെലവിന് ധനസഹായം | അംഗതൊഴിലാളി മരണപ്പെട്ടാൽ ടിയാളുടെ നോമിനി ക്ക് /ആശ്രിതർക്ക് മരണാനന്തര ചെലവുകൾക്കായി 4000/- രൂപയും പെൻഷണർ മരണപ്പെട്ടാൽ ടിയാളുടെ നോമിനിക്ക് / ആശ്രിതർക്ക് 3,000/-രൂപയും അടിയന്തിര സഹായം ലഭിക്കും |
| 19 | ഭവന നിർമ്മാണ വായ്പ | ക്ഷേമ ബോർഡിൽ 5 വർഷത്തെ സജീവ അംഗത്വമുള്ളവരും 45 വയസ്സ് പൂർത്തിയാകാത്തവരുമായ തൊഴിലാളികൾക്ക് സ്വന്തമായി വീട് പണിയുന്നതിന് രണ്ട് സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ 50,000/രൂപ വരെ വായ്പ ലഭിക്കും. |
| 20 | ഉപകരണങ്ങൾ വാങ്ങുന്നതിന് വായ്പ | ക്ഷേമ ബോർഡിൽ 3 വർഷത്തെ സജീവ അംഗത്വമുള്ള വരും 55 വയസ്സ് പൂർത്തിയാകാത്തവരുമായ തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡിൽ രേഖപ്പെട്ടു ത്തിയിരിക്കുന്ന തൊഴിലിന് ആവശ്യമായ ഉപകരണ ങ്ങൾ വാങ്ങുന്നതിന് 10,000/രൂപ വരെ വായ്പ ലഭിക്കും. |
| 21 | റീഫണ്ട് | മറ്റേതെങ്കിലും തൊഴിൽ ലഭിച്ച് നിർമ്മാണ തൊഴിലിൽ ഏർപ്പെടാതിരിക്കുന്നവർക്ക് അവർ അടച്ചിട്ടുള്ള അംശദായ തുക തിരികെ ലഭിക്കും. 60 വയസ്സ് പൂർത്തിയാകുന്നവർക്കും, മരണപ്പെടുന്ന |

| | | |
|---|---|---|
| | | അംഗങ്ങളുടെ ആശ്രിതർക്കും ഇപ്രകാരം റീഫണ്ട് ലഭിക്കുന്നതാണ്. |
| 22 | മരങ്ങൾ, കുറ്റിച്ചെടികൾ, മറ്റ് തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനിടയിൽ ഹൃദയാഘാതം മൂലമോ, കുഴഞ്ഞു വീണോ, ജോലി സ്ഥലത്ത് മരണപ്പെടുന്ന അംഗത്തിന്റെ മരണം ജോലി സ്ഥലത്തെ മരണ മായികണക്കാക്കി | ഒരു ലക്ഷം രൂപ നോമിനിക്ക്/ ആശ്രിതർക്ക് ലഭിക്കും |
| 23 | തൊഴിൽ സ്ഥലത്ത് വച്ചു ള്ള അപകടത്തെ തുടർന്ന് സ്ഥിരമായ അവശത 50 ശതമാനമോ അതിൽ കൂടുതലോ ആണെങ്കിൽ | മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിന് വിധേയമായി അവശതയുടെ ശതമാനത്തിന് ആനുപാതികമായ തുക (പരമാവധി 1 ലക്ഷം രൂപ) വരെ ലഭിക്കും |

സെക്ഷൻ ഓഫീസർ